"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ (ഇ.ഡബ്ല്യൂ.എ.) വകുപ്പ് - വയനാട് ജില്ല പനമരം ഗ്രാമ പഞ്ചായത്തിലെ കുറുമ്പാലകോട്ട കോളനിയിലേക്കുള്ള സ്റ്റെപ്പ് നിർമ്മാണ ത്തിലെ ക്രമക്കേട് - അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. ബാബുരാജ് കൊയ് ലേരിനെതിരായ അച്ചടക്ക നടപടി 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15(2) പ്രകാരമുള്ള ഔപചാരിക അന്വേഷണം - അന്വേഷണ ഉദ്യോഗസ്ഥനെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.ഡബ്ല്യൂ.എ) വകുപ്പ്**

G.O.(Rt)No.1700/2020/LSGD തീയതി,തിരുവനന്തപുരം, 22/09/2020

---

പരാമർശം:- 1 ധനകാര്യ വകുപ്പിന്റെ 22.06.2017 തീയതിയിലെ 1470/FW-GI/16/FIN നമ്പർ അർദ്ധ ഔദ്യോഗിക കത്ത് പ്രകാരമുള്ള റിപ്പോർട്ട്.

2 ശ്രീ. ബാബുരാജ് കൊയ് ലേരിയൻ 14/01/2020-ൽ സമർപ്പിച്ച എതിർവാദപത്രിക.

3 10.11.2019-ലെ 130/ഇഡബ്ല്യൂ2/2017/തസ്വഭവ നമ്പർ കുറ്റപത്രവും കുറ്റാരോപണപത്രികയും.

4 സ. ഉ. (സാധാ) നം.1274/2020/തസ്വഭവ. തീയതി 26.06.2020.

**ഉത്തരവ്**

വയനാട് ജില്ല പനമരം ഗ്രാമപഞ്ചായത്തിലെ കുറുമ്പാലകോട്ട കോളനിയിലേക്കുള്ള സ്റ്റെപ്പ് നിർമ്മാണത്തിലെ ക്രമക്കേട് സംബന്ധിച്ച് ധനകാര്യ പരിശോധന വിഭാഗം പരിശോധന നടത്തുകയും പരാമർശം 1 പ്രകാരം റിപ്പോർട്ട് ഈ വകുപ്പിന് ലഭ്യമാക്കുകയുണ്ടായി. ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. ബാബുരാജ് കൊയ് ലേരിയനെതിരെ കേരള സിവിൽ സർവ്വീസീസ് (CC&A) റൂൾ 15 അനുസരിച്ചുള്ള കുറ്റപത്രം/കുറ്റാരോപണപത്രിക എന്നിവ പരാമർശം 2 പ്രകാരം നൽകുകയുണ്ടായി.

2. ആയതിന് ടിയാൻ തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ മുഖേന പരാമർശം 3 പ്രകാരം സമർപ്പിച്ചിട്ടുള്ള പ്രതിവാദ പത്രികയിൽ തനിക്കെതിരെയുള്ള ഉന്നയിച്ചിട്ടുള്ള ആരോപണങ്ങൾ പൂർണമായും നിരോധിക്കുകയുണ്ടായി.

3. മേൽ സാഹചര്യത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. ബാബുരാജ് കൊയ് ലേരിയനെതിരെ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15(2) പ്രകാരം ഔപചാരിക അന്വേഷണം നടത്തുന്നതിനായി വയനാട് പി.ഐ.യു വിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. വിജയൻ ടി. ജി. - യെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ച് പരാമർശം 4 പ്രകാരം ഉത്തരവാകുകയുണ്ടായി. എന്നാൽ ടിയാൻ

സേവനത്തിൽ നിന്നും വിരമിച്ചിട്ടുള്ള സാഹചര്യത്തിൽ പരാമർശം 4 സർക്കാർ ഉത്തരവ് റദ്ദ് ചെയ്തുകൊണ്ട് വയനാട് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയർ ശ്രീ. ദിലീപ് എം. എസ്. -നെ ഔപചാരികാന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു. അന്വേഷണ ഉദ്യോഗസ്ഥൻ ഒരു മാസത്തിനുള്ളിൽ റിപ്പോർട്ട് സർക്കാരിലേക്ക് സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GOPAKUMAR U
UNDER SECRETARY

പകർപ്പ് :-

1. ദിലീപ് എം. എസ്., എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാ പഞ്ചായത്ത് (പരാമർശം 1 മുതൽ 3 വരെയുള്ളവയുടെ പകർപ്പ് സഹിതം).

2. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

3. ശ്രീ. ബാബുരാജ്, കൊയ് ലേരിയൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പനമരം ഗ്രാമപഞ്ചായത്ത് (തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ മുഖാന്തിരം).

4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ആഡിറ്റ് എ&ഇ), കേരള, തിരുവനന്തപുരം.

5. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signature Not Verified
Digitally signed by SREEKANTH G
Date: 2020.09.22 12:24:10 IST
Reason: Approved

സെക്ഷൻ ഓഫീസർ